# വിഷൻ 2025 - 2026

## സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ


ജി.യു.പി.എസ്. വള്ളിവട്ടം

വള്ളിവട്ടം പി.ഒ. - 680 123

തൃശ്ശൂർ ജില്ല

Ph : 0480 2862282

Email : gupsvallivattam@gmail.com


Scanned with OKEN Scanner

# വിദ്യാലയം ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി.യു.പി.എസ്. വള്ളിവട്ടം |
| സ്കൂൾ കോഡ് | : | 23458 |
| പഞ്ചായത്ത് | : | വെള്ളാങ്കല്ലൂർ |
| വാർഡ് | : | 15 |
| ഉപജില്ല | : | കൊടുങ്ങല്ലൂർ |
| ബി.ആർ.സി. | : | വെള്ളാങ്കല്ലൂർ |
| വിദ്യാഭ്യാസജില്ല | : | ഇരിങ്ങാലക്കുട |
| ജില്ല | : | തൃശ്ശൂർ |
| സംസ്ഥാനം | : | കേരളം |
| പിൻകോഡ് | : | 680123 |
| ഫോൺനമ്പർ | : | 0480 2862282 |
| ഇ-മെയിൽ | : | gupsvallivattam@gmail.com |



Scanned with OKEN Scanner

# വിദ്യാലയ ചരിത്രം

തൃശ്ശൂർജില്ലയിൽ മുകുന്ദപുരം താലൂക്കിൽ വെള്ളാങ്കല്ലൂർ പഞ്ചായത്തിൽ കാനോലി കനാലിന് തൊട്ടുള്ള പൂവ്വത്തുംകടവിനും കെട്ടുചിറയ്ക്കുമിടയിൽ ബ്രാലം സെന്ററിന് വടക്കായിട്ടാണ് വള്ളിവട്ടം ഗവ.യു.പി.സ്ക്കൂൾ സ്ഥിതിചെയ്യുന്നത്. 1924 ലാണ് വള്ളിവട്ടം ഗവ.യു.പി.സ്കൂൾ സ്ഥിതിചെയ്യുന്നത്. 1924 ലാണ് വള്ളിവട്ടം സ്കൂൾ സ്ഥാപിതമായത്. പ്രീ പ്രൈമറി മുതൽ 7-ാം ക്ലാസ് വരെയുള്ള ക്ലാസുകൾ ഇപ്പോൾ നിലവിലുണ്ട്.

1970 - 1990 കാലഘട്ടങ്ങളിൽ 24 ഡിവിഷനുകളോടെ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം പിന്നീടുള്ള കാലഘട്ടങ്ങളിൽ കുട്ടികളുടെ പ്രവേശനത്തിൽ ഗണ്യമായ കുറവാണ് പ്രകടമായത്. കുട്ടികളുടെ എണ്ണത്തിൽ കുറവ് സംഭവിക്കുന്നുണ്ടെങ്കിലും, അക്കാദമിക മേഖലയിൽ വളരെ മികവാർന്ന പ്രകടനം നടത്തുവാൻ നമ്മുടെ കുട്ടികൾക്ക് സാധിക്കുന്നുണ്ട്. കഴിഞ്ഞ 20 വർഷത്തെ നേട്ടങ്ങൾ പരിഗണിക്കുമ്പോൾ ഭാഷാപരമായ മേഖല, ശാസ്ത്ര ഗവേഷണപ്രൊജക്റ്റുകൾ, ഗണിതം എന്നിങ്ങനെയുള്ള വിവിധ മത്സരങ്ങളിൽ സംസ്ഥാനതലം വരെ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് പങ്കെടുക്കുവാനും തിളക്കമാർന്ന നേട്ടങ്ങൾ കൈവരിക്കുവാനും സാധിച്ചിട്ടുണ്ട്.

എല്ലാ വർഷവും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും കൈയ്യെഴുത്ത് മാസികകൾ/ പതിപ്പുകൾ തയ്യാറാക്കി വരുന്നു. വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് ഓരോ ക്ലാസിനും യോജിച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. അതുപോലെ തന്നെ പഠനപ്രാധാന്യമുള്ള സ്ഥലത്ത് കാവുകൾ, കണ്ടൽ പ്രദേശങ്ങൾ, കൃഷിയിടങ്ങൾ, ഫാക്ടറികൾ തുടങ്ങിയവ സന്ദർശിക്കുവാനുള്ള അവസരങ്ങൾ ഓരോ വർഷവും ഒരുക്കി വരുന്നുണ്ട്.

Scanned with OKEN Scanner

വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള വ്യക്തികളെ സ്കൂളിലേക്ക് ക്ഷണിച്ച് പ്രത്യേകം ക്ലാസുകൾ സംഘടിപ്പിക്കുകയും, സിനിമാ പ്രവർത്തനം പരീക്ഷണ ക്ലാസ്സുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. വിദ്യാഭ്യാസത്തിൽ തിയേറ്റർ പരിശീലനത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് തീയേറ്റർ പരിശീലന ക്ലാസുകൾ പല വർഷങ്ങളിലും സംഘടിപ്പിച്ച് വരുന്നു.

പെൺകുട്ടികൾക്ക് പ്രത്യേക പരിശീലനം എന്ന രീതിയിൽ കരാട്ടെ പരിശീലനവും ബോധവൽക്കരണക്ലാസ്സുകളും നടത്തുന്നു.

SSK യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന എല്ലാ ഗുണമേന്മ വികസന പദ്ധതികളിലും വിദ്യാലയത്തിലെ പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പോരുന്നുണ്ട്. ചരിത്രാന്വേഷണം, പൊതു സ്ഥാപനങ്ങൾ സന്ദർശിക്കൽ തുടങ്ങിയ തനതു പ്രവർത്തനങ്ങളും പല വർഷങ്ങളിലും സ്കൂൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

വിവിധതരം സ്കോളർഷിപ്പ് പരീക്ഷകളിൽ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് വിജയം നേടാൻ സാധിച്ചിട്ടുണ്ട്.

സുമനസ്സുകളായ നാട്ടുകാർ വിവിധ എന്റോവ്മെന്റുകൾ നൽകി മിടുക്കരായ കുട്ടികളെ പ്രോത്സാഹിപ്പിച്ചു വരുന്നു.

SSK ഫണ്ട് ഉപയോഗിച്ച് 2006-07-ൽ നിർമ്മിച്ച പുതിയ കെട്ടിടത്തിൽ സ്മാർട്ട് ക്ലാസ് റൂം, സയൻസ് മ്യൂസിയം, ചരിത്ര മ്യൂസിയം എന്നിവ പ്രവർത്തിച്ചു വരുന്നു.

2021-ൽ MLA ഫണ്ടിൽ നിന്ന് അനുവദിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം MLA വി.ആർ.സുനിൽകുമാർ നിർവ്വഹിച്ചു. ഈ കെട്ടിടത്തിൽ പ്രീപ്രൈമറി, ഒന്നാം ക്ലാസ്, ലൈബ്രറി എന്നിവ പ്രവർത്തിച്ചു വരുന്നു.

Scanned with OKEN Scanner

2022-23 അദ്ധ്യായന വർഷത്തിൽ സബ് ജില്ലാ ശാസ്ത്രമേളയിൽ എൽ.പി.വിഭാഗം, Simple experiment – L P വിഭാഗം ഒന്നാം സമ്മാനം നേടി. പ്രീപ്രൈമറി നവീകരണവുമായി ബന്ധപ്പെട്ട് സ്റ്റാർസ് പദ്ധതിയുടെ സഹായസഹകരണത്തോടെ പുതിയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

പ്രീപ്രൈമറി നവീകരണവുമായി ബന്ധപ്പെട്ട് 2023-24 അദ്ധ്യായവർഷം STRARS വർണ്ണക്കൂടാരം പദ്ധതി വിദ്യാലയത്തിന് അനുവദിച്ച് കിട്ടുകയും 10 ലക്ഷം രൂപ ഫണ്ട് ഉപയോഗിച്ച് ഒരു പാർക്ക് (സ്നേഹക്കൂടാരം) നിർമ്മാണവും 2 ക്ലാസ്മുറികൾ വർണക്കൂടാരം പദ്ധതിയുടെ സർക്കുലർ പ്രകാരം 13 ഇടങ്ങൾ ഒരുക്കി സെറ്റ് ചെയ്യുകയും ഉണ്ടായി. 2023- 24 അധ്യായനവർഷത്തിൽ LSS സ്കോളർഷിപ്പിന് ആഘോഷ്.ടി.ബി അർഹനായി ഉപജില്ലാശാസ്ത്രമേളയിൽ യു.പി.വിഭാഗം Clay modeling മത്സരത്തിൽ അശ്വതി സുധീഷ് അർഹയായി.

100 വർഷം പിന്നിട്ട വിദ്യാലയത്തിന്റെ ശതാബ്ദി ആഘോഷം ഫെബ്രുവരി 19-ന് നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ചാലക്കുടി എം.പി. ശ്രീ ബെന്നിബെഹനാൻ ഉദ്ഘാടനകർമം നിർവഹിച്ചു. വർണാഭമായ ഘോഷയാത്ര, കുട്ടികളുടെയും അധ്യാപകരുടെയും പൂർവഅദ്ധ്യാപകരുടെയും കലാപരിപാടികൾ, എൻഡോവ്മെന്റ് വിതരണം, മാജിക് ഷോ, ഗുരുവന്ദനം, സ്നേഹാദരം, ഗാനമേള, 100 ദീപം തെളിയിക്കൽ എന്നിങ്ങനെ മികവാർന്ന പരിപാടികളോടെ ആഘോഷം നടന്നു. ശതാബ്ദിയോടനുബന്ധിച്ച് ഒരു സ്മരണിക പുറത്തിറക്കാനുള്ള തയ്യാറെടുപ്പിലാണ്.

Scanned with OKEN Scanner

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനം വിദ്യാഭ്യാസമേഖലയിൽ അഭൂതപൂർവമായ ഉണർവ് കൈവരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരുന്നുണ്ട്. പല വിദ്യാലയങ്ങളിലും മാസ്റ്റർ പ്ലാനുകൾക്കനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ദേശീയ അന്തർദേശീയ തലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസരംഗത്ത് വളരെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ജി.യു.പി.എസ് വള്ളിവട്ടം എന്ന ഈ വിദ്യാലയങ്ങളിലും കുട്ടികളുടെ പഠന വിടവ് നികത്തുന്നതിനും പരിമിതികളെ മറികടന്ന് നേട്ടത്തിന്റെ പാതയിലെത്തുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. കുട്ടികൾക്ക് മികച്ച ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുകയും അക്കാദമിക രംഗത്ത് കൂടുതൽ മികവുകൾ കൈവരിക്കുകയും വേണം. ഈ വർഷം നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ തീരുമാനിച്ച് അവയെ സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതുണ്ട്. ഇതിനായി അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

Scanned with OKEN Scanner

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും പഠനപ്രവർത്തനം അങ്ങേയറ്റം ആസ്വാദകരമാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കുക.
- വിദ്യാലയ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പ് വരുത്തൽ.
- പഠനപ്രവർത്തനങ്ങൾക്കു പുറമെ കലാകായിക, പ്രവൃത്തിപരിചയമേഖലകളിൽ കൂടി കുട്ടികളെ പ്രാപ്തരാക്കുക.
- വിദ്യാലയത്തിലെ ഭൗതിക സംവിധാനങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം, ലാബ് കമ്പ്യൂട്ടർ) എല്ലാം വിദ്യാർത്ഥി സൗഹൃദമായി ഉപയോഗിക്കുക.
- ഓരോ അദ്ധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ അറിവ് പുനർനിർമ്മിക്കുക.
- വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ, സമൂഹം എന്നിവ തമ്മിലുള്ള ഉഷ്മളബന്ധം ഉറപ്പിക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഉതകുന്ന പഠനാന്തരീക്ഷം ഒരുക്കുക.

Scanned with OKEN Scanner

# തനതുപ്രവർത്തനങ്ങൾ

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്കാദമികം<br><br>അക്ഷരക്ലാസുകൾ | സ്വരാക്ഷരങ്ങൾക്കൊപ്പം സ്വരചിഹ്നങ്ങളും ക്ലാസ് റൂമുകളിൽ പ്രദർശിപ്പിക്കണം<br><br>വായനകാർഡ് നിർമ്മാണം<br><br>മലയാളത്തിളക്കം, മൊഡ്യൂൾ അനുസരിച്ച് ക്ലാസുകൾ. 2 മുതൽ 7 വരെ ക്ലാസുകൾക്ക് ക്ലാസുകൾ നൽകുന്നു. | 1 വർഷം | അദ്ധ്യാപകർ | SRG,ക്ലാസ് ടീച്ചേഴ്സ് |
| G.K. | എല്ലാ തിങ്കളും കുട്ടികൾക്ക് 5 പൊതു വിജ്ഞാനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കും. ഇത് കുട്ടികൾ ബുക്കിൽ എഴുതി ഉത്തരങ്ങൾ സ്വയം കണ്ടെത്തണം. വെള്ളിയാഴ്ച ടീച്ചർ ഉത്തരങ്ങൾ പറഞ്ഞു കൊടുക്കുന്നു. | 1 വർഷം | അദ്ധ്യാപകർ | SRG,ക്ലാസ് ടീച്ചേഴ്സ് |
| An English word a day | കുട്ടികൾക്ക് ഇംഗ്ലീഷ് vocabulary മെച്ചപ്പെടുത്തുന്നതിനായി ദിവസം ഒരു പുതിയ ഇംഗ്ലീഷ് വാർഡ് പരിചയപ്പെടുത്തുന്നു. | 1 വർഷം | അദ്ധ്യാപകർ | SRG,ക്ലാസ് ടീച്ചേഴ്സ് |
| LSS/USS | LSS/USS കുട്ടികൾക്ക് ജൂലൈ പകുതി യോടെ തന്നെ പരിശീലനം നൽകി തുടങ്ങാം. ആദ്യഘട്ടത്തിൽ ഓൺ | 1 വർഷം | അദ്ധ്യാപകർ | SRG,ക്ലാസ് ടീച്ചേഴ്സ് |

Scanned with OKEN Scanner

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ലൈനായും (അവധി ദിവസങ്ങളിൽ) പിന്നീട് 4 മണിക്കുശേഷം ഒരു മണിക്കൂർ വീതവും | | | |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | എല്ലാ ക്ലബുകളും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആഴ്ചയിൽ ഒരു ക്ലബ്ബിന്റെ പ്രവർത്തനത്തിനായി സമയം കണ്ടെത്തണം.<br>മേള, ഫെസ്റ്റ്, ദിനാചരണപ്രവർത്തനങ്ങൾ, ചിത്രരചന, കഥ, കവിത, രചനാ പ്രവർത്തനങ്ങൾ, ക്വിസ് മത്സരങ്ങൾ | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| ശാസ്ത്രം | പച്ചക്കറിത്തോട്ട നിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്താനുതകുന്ന പ്രവർത്തനങ്ങൾ | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| ഭാഷ | വായന, ലേഖനം എന്നിവ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തന ങ്ങൾ അക്ഷരക്ലാസ്സ്, വായനാമൃതം, Easy English, E-Cube | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| ആരോഗ്യം | വ്യായാമത്തിനുതകുന്ന കളികളിലും പ്രവർത്തനങ്ങളിലും ഏർപ്പെടൽ | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ | |

Scanned with OKEN Scanner

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യസുരക്ഷ | ലഹരിവിരുദ്ധവുമായി ബന്ധപ്പെട്ട് ബോധവൽക്കരണക്ലാസ്സ്, സാമൂഹ്യ സുരക്ഷാബോധം വളർത്താനു തകുന്ന പ്രവർത്തനങ്ങൾ<br><br>സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പിന്തുണ നൽകൽ | 2 മാസത്തിൽ ഒരിക്കൽ<br><br>ജൂൺ to മാർച്ച് | വിമുക്തി റിസോഴ്സ് പേഴ്സൺ ഇരിങ്ങാലക്കുട<br><br>Mentor Teacher | |
| ആഹാരവും ആരോഗ്യവും | വിവിധയിനം പോഷകാഹാരങ്ങളുടെ ക്ലാസ് തല നിർമ്മാണം പ്രദർശനം | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| ദേശീയവബോധം | കുട്ടികളിൽ ദേശസ്നേഹം വളർത്താനും സ്വന്തം നാടിന്റെ സാംസ്കാരിക പൈതൃകം മനസ്സിലാക്കാനും ഉതകുന്ന പ്രവർത്തനങ്ങൾ ക്ലാസ്സ് അടിസ്ഥാനത്തിൽ നൽകുന്നു. | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| ഗണിതം | ഗണിതപസിലുകൾ, സംഖ്യാകളികൾ, ജ്യോമട്രിക്കൽ പസിലുകൾ, ജ്യോമട്രിക്കൽ ചാർട്ട് നിർമ്മാണം, സംഖ്യാ ചാർട്ട്, ഗണിതശേഷി വളർത്താനുള്ള പഠനോപകരണ നിർമ്മാണം | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| സമേതം | കാലാവസ്ഥാവ്യതിയാനം<br>മരമൊരു മറുപടി<br>വൃക്ഷരജിസ്റ്റർ തയ്യാറാക്കൽ | ജൂൺ to ഡിസംബർ | ക്ലാസ്സ് ടീച്ചർ | |

# ക്ലബ്ബ് പ്രവർത്തനങ്ങൾ

## സാമൂഹ്യശാസ്ത്രം

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രം | ഫീൽഡ് ട്രിപ്പ്<br>• ചരിത്രസ്മാരകങ്ങളുടെ സന്ദർശനം<br>• നിർമ്മാണം<br>• സാമൂഹ്യശാസ്ത്രം വിഷയവുമായി ബന്ധപ്പെട്ടു വരുന്ന ദിനാചരണങ്ങളെല്ലാം ആചരിക്കണം.<br>• വിശിഷ്ട വ്യക്തികളെ കുട്ടികൾക്ക് ക്ലാസ് എടുക്കുന്നതിനായി ക്ഷണിക്കാം | 1 വർഷം | PTA കുട്ടികൾ | 7000<br>2000 |

Scanned with OKEN Scanner

# ക്ലബ്ബ് പ്രവർത്തനങ്ങൾ

## വിദ്യാരംഗം - കലാസാഹിത്യവേദി

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|
| മലയാളം | സാഹിത്യകാരനുമായുള്ള സംവാദം<br>വായനാ വാരാചരണവുമായി ബന്ധപ്പെട്ട് ഭാഷാക്ലബ്ബായ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനം ഏതെങ്കിലും ഒരു സാഹിത്യകാരനെ സ്കൂളിൽ ക്ഷണിച്ചു കൊണ്ടു നടത്തണം<br>സാഹിത്യകാരനുമായി ഒരു സംവാദം ഒരുക്കുകയും വേണം | ജൂൺ | വിദ്യാരംഗം കലാസാഹിത്യവേദിയും മലയാളം അദ്ധ്യാപകരും | PTA | 500 |
| 2. | കുട്ടികളെ വായനയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന് പ്രദേശത്തെ ലൈബ്രറിയുമായിചേർന്ന്<br>സ്കൂളിൽ ഒരു പുസ്തകപ്രദർശനം നടത്താം.<br>സാഹിത്യരംഗത്ത് പരിചിതനായ ഒരു വ്യക്തിയെകൊണ്ട് ഒരു പുസ്തക പരിചയം നടത്താം | | | | |
| മലയാള സാഹിത്യം | വായനാ വാരാചരണവുമായി ബന്ധപ്പെട്ട് ക്ലബ്ബിന്റെ നേതൃത്വത്തിൽ അമ്മ വായന പോലുള്ള പരിപാടി നടത്തണം.<br>ഏകാംങ്കനാടകം<br>പാവകളി നാടകം<br>ഏതെങ്കിലും ഒരു കലാകാരനെ കൊണ്ട് പാവകളി നാടകം അവതരിപ്പിക്കാം | ജൂൺ<br>ജൂലൈ | വിദ്യാരംഗം<br>ക്ലബ്ബ് | | 500/- |

Scanned with OKEN Scanner

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|
| ചരിത്രത്തിലേക്ക് | ഫീൽഡ് ട്രിപ്പ്<br>പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ ചരിത്ര പ്രാധാന്യമുള്ള പ്രദേശമായ കരിങ്ങാച്ചിറ സന്ദർശനം. ഈ പ്രദേശത്തുള്ള പഴയകാലത്തെ ജയിൽ, ചുമടുതാങ്ങി, വിളക്കുമാടം എന്നിവ കാണുന്നതിനും ചരിത്രം മനസിലാക്കുന്നതിനുമുള്ള അവസരവും ഇതിലൂടെ കുട്ടികൾക്ക് ലഭിക്കുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | PTA | 3000 |
| ഭൂമി കഥയും കാര്യവും | ധ്രുവപ്രദേശങ്ങളിൽ 6 മാസം പകലും രാത്രിയും അനുഭവപ്പെടുന്നത് മനസിലാക്കുന്നതിനായി TLM നിർമ്മാണം | സെപ്തംബർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | PTA | 2000 |

Scanned with OKEN Scanner